Unit No :LK/2018/47075

# സ്പന്ദനം2020

## ഡിജിറ്റൽ മാഗസിൻ

**സെന്റ് ജോസഫ്സ് ഹൈസ്കൂൾ**

**ചെമ്പനോട**

# 'സ്പന്ദനം' 2020

## സെന്റ്ജോസഫ്സ് ഹൈസ്കൂള്

## ചെമ്പനോട



# സന്ദേശം

നമ്മുടെ വിദ്യാലത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ പ്രവർത്തനമണ്ഡലത്തിൽ കർമ്മനിരതമായി നിലകൊള്ളുന്നുവെന്നതിൽ ഞാൻ അഭിമാനിക്കുന്നു.അവർ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാഗസിൻ മികച്ച നിലവാരം പുലർത്തുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്.ഈ സംരംഭത്തിൽ പങ്കാളികളാകുന്ന ലിറ്റിൽ കൈറ്റ്സുകാർക്കും അവർക്ക് നേതൃത്വം നല്കുന്ന അധ്യാപകർക്കും അഭിനന്ദനമർപ്പിക്കുന്നു.ഇവരുടെ പ്രവർത്തനം ഉപരിപഠനത്തിനും ഭാവിജീവിതത്തിനും മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ,

സജിജോസഫ്

ഹെഡ്മാസ്റ്റർ.

ലിറ്റിൽ കൈറ്റ്സ്
ചിറകുകളുള്ള പട്ടങ്ങളാണ്....
ഭാവനയുടെ ചിറകുകൾ വിടർത്തി
സാഹിത്യനഭസ്സിൽ
ഉയർന്നുപാറുന്ന പട്ടങ്ങൾ...
കൂടുതൽ ഉയരങ്ങളെ
കീഴടക്കാൻ
ഈ ചിറകുകൾക്ക്
ഇനിയും
ശക്തിയുണ്ടാകട്ടെ...
പ്രതിഭയുടെ
ചിറകടിയൊച്ചയാണ്
'സ്പന്ദന'ത്തിലൂടെ
നാം അറിയുന്നത്....

ആശംസകളോടെ,
സജിതോമസ്
കൈറ്റ്സ് മാസ്റ്റർ



## എഡിറ്റോറിയൽ ബോർഡ്

**റോസ്സ ടി. റോയ്** ചീഫ് എഡിറ്റർ

### അംഗങ്ങൾ


അലീന ഡിക്റ്റോ

അശ്വതി പി എൻ

അൻസിൽ ജിജോ

മുഹമ്മദ് സഹൽ

സെബിൻ ജോസഫ്





'സ്പന്ദിച്ച് ' തുടങ്ങുകയാണ്
ഞങ്ങളുടെ ഭാവനകൾ...
ഈ വിദ്യാലയത്തിലെ
കലാസാഹിത്യ പ്രതിഭകളുടെ
അക്ഷര സദ്യയാണിത്
സാങ്കേതിക വിദ്യകളുടെ പിന്തുണ
ഇതിന് ചാരുത നൽകുന്നുണ്ട്
സഹൃദയ സമക്ഷം സമർപ്പിക്കുന്നു....
സ്വീകരിച്ചാലും....

**റോസ്സ റ്റി.റോയ്**

**ചീഫ് എഡിറ്റർ**



# ഉൾത്താളുകളിൽ

01. മഴ........................................................................................മുഹമ്മദ് സഹൽ
02. പ്രശ്നോത്തരി........................................................................മുഹമ്മദ് സിനാൻ
03. ജീവചരിത്രം.........................................................................ആൽബീന തോമസ്
04. മതം,മനുഷ്യശാപം................................................................എയ്ഞ്ചലീന ബിജു
05. ചിത്രം......................................................................................അനന്തു പി.ആർ
06. കലകൾസംസാരിക്കുന്നു..........................................................ദിയ വിൻസന്റ്
07. എ.പി.ജെ.................................................................................റോസ്ലറ്റി റോയ്
08. എഴുത്തച്ഛന്റെ മൊഴിമുത്തുകൾ.............................................റിയ ജെയിംസ്
09. ഐ.ടി ക്വിസ്............................................................................................ദേവനന്ദ
10. പഴഞ്ചൊല്ലുകൾ.........................................................................................ശ്രേയ
11. ചോരാത്തകീശ .........................................................................................ശിഖ
12. ലില്ലിപ്പൂവിനോട്...................................................................അശ്വതി പി. എൻ
13. കുസൃതിക്കുളം........................................................................ജോസഫ് പോൾ
14. പിരിച്ചെഴുതുക....................................................................................അനോൾഡ
15. കൊതുകിന്റെ പാട്ട്...........................................................................അഞ്ജുമോൾ
16. എന്റെ കുട്ടിക്കാലം.....................................................................ആരതി കൃഷ്ണ
17. കടങ്കഥകൾ...............................................................................................എയ്ഞ്ചൽ
18. കലാകാരന്മാരും കലകളും...................................................അഭിഷേക് മാത്യു
19. പൂത്തുലഞ്ഞ വിദ്യാലയം....................................................സ്നേഹ മോഹനൻ
20. പൊതുവിജ്ഞാനം..................................................................................വൈഗലക്ഷ്മി
21. പ്രകൃതി മനുഷ്യരുടെ ഭീഷണിയിൽ......................................................അഖില
22. അയൽവക്കത്തെ ഒരിലച്ചോറ്...........................................മരിയ തോമസ്
23. ചിത്രം..............................................................................................................അലീന
24. വീഡിയോ കോൺഫറൻസ്..................................................................................
25. ചിത്രം..................................................................................................................
26. ഒരു നിമിഷം.........................................................................സജി തോമസ്

# ലിറ്റിൽ കൈറ്റ്സ് ചെമ്പനോട .

ചെമ്പനോട സെന്റ്ജോസഫ് സ്ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം വിജയകരമായി തുടർന്നുകൊണ്ടിരിക്കുന്നു. 10-ാംക്ലാസ്സിൽ 26 കുട്ടികളും 9 ക്ലാസ്സിൽ 21 കുട്ടികളും 8 ക്ലാസ്സിൽ 25 കുട്ടികളും പരിശീലനം നേടിവരുന്നു.

## നിർവാഹക സമിതി അംഗങ്ങൾ

**ചെയർമാൻ :** ശ്രീ. ജോബി എടച്ചേരി (പിടിഎ പ്രസിഡന്റ്)

**കൺവീനർ :** ശ്രീ. സജി ജോസഫ് (ഹെഡ്മാസ്റ്റർ)

**വൈസ്ചെയർമാന്മാർ:** ശ്രീമതി ലൗലി എടച്ചേരി (MPTA പ്രസി.)
ശ്രീ. തങ്കച്ചൻ പുറവങ്ങാട്ട് (PTA വൈ.ചെ.)

**ജോയിന്റ് കൺവീനർ :** ശ്രീ. സജി തോമസ് (കൈറ്റ് മാസ്റ്റർ)
ശ്രീമതി സബിത മാത്യു (കൈറ്റ് മിസ്ട്രസ്)

**സാങ്കേതിക ഉപദേഷ്ടാവ് :** ശ്രീമതി മായ ആന്റണി

**യൂണിറ്റ് ലീഡർമാർ :** ജോസഫ് പോൾ
അശ്വതി പി.എൻ

**സ്കൂൾ ലീഡർ :** ആതിര റോബിൻ

# മഴ



ചില നേരങ്ങളിൽ ഇരുളായി

ചിലപ്പോൾ തെളിവാർന്ന്

മനസ്സിലെ വിങ്ങലിൽ കൂടെ

ചിണുങ്ങുന്ന മഴ

ചിലനേരം സ്നേഹത്തിന്റെ

ചെറു തുള്ളിയായി തലോടുന്നു

നിറമാർന്ന എൻ സ്വപ്നത്തിൽ

കുളിരായി നിറയുന്നു

ആ കുഞ്ഞു തുള്ളികൾ

എൻ കവിളിൽ ചുംബിക്കുന്നു

അവയെ തഴുകാൻ എൻ

ഹൃദയം കൊതിക്കുന്നു

മുഹമ്മദ് സഹൽ

# മലയാളം പ്രശ്നോത്തരി



**1. മലയാളം ഏത് ഭാഷാ ഗോത്രത്തിൽപ്പെട്ട ഭാഷയാണ്?**

**ദ്രാവിഡം**

**2. ഇന്ത്യൻ ഭരണഘടനയിൽ മലയാള ഭാഷയുടെ സ്ഥാനം?**

**എട്ടാമത്**

**3. വട്ടെഴുത്തിൽ നിന്ന് ഉൽഭവിച്ച ലിപി ഏത് ?**

**കോലെഴുത്ത്**

**4. മണിപ്രവാളത്തിനും പാട്ടിനും നിർവചനം നൽകിയ ഗ്രന്ഥമേത് ?**

**ലീലാതിലകം**

**5. ഗാഥ എന്ന വാക്കിൻറെ പരിമിതമായ അർത്ഥം എന്ത് ?**

**പാട്ട്**

**6. കൃഷ്ണഗാഥയുടെ മറ്റൊരു പേര് ?**

കൃഷ്ണപാട്ട്

**7. മണിപ്രവാളത്തെ എത്രയായി തരംതിരിച്ചിരിക്കുന്നു ?**

അഞ്ച്

**8. ചമ്പുവിന്റെ ലക്ഷണമെന്ത് ?**

ഗദ്യപദ്യമയം കാവ്യം ചമ്പുരിത്യഭീധീയതേ

**9. പദ്യത്തിനർത്ഥം എഴുതിയതാര് ?**

ഡോ. പി .കെ .നാരായണപിള്ള

**10. പാക്കനാർ എന്ന പച്ചമലയാള കൃതി എഴുതിയതാര് ?**

കുണ്ടൂർ

മുഹമ്മദ്
സിനാൻ





# എഴുത്തച്ഛൻ (ജീവചരിത്രം)

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് പേര് എന്ന് കരുതുന്നു. യഥാർത്ഥ നമോദയത്തെക്കുറിച്ച് വ്യക്തമായ അറിവില്ല. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വ്യക്തി മലബാറിലെ പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത് തൃക്കണ്ടിയൂരാണ് ജനനസ്ഥലം. അവിടെനിന്ന് തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു. മലയാളഭാഷയുടെ പിതാവ് അറിയപ്പെടുന്ന ആചാര്യൻ മലയാളത്തിലെ ഭക്തി പ്രസ്ഥാനത്തിന്റെ മുഖ്യ പ്രയോക്താവാണ്. പുരാണ കഥകൾ കിളിയെകൊണ്ട് പറയിക്കുന്ന രീതിയിൽ ആവിഷ്കരിച്ച കിളിപ്പാട്ട് പ്രസ്ഥാനത്തിൻറെ ഉപജ്ഞാതാവായി കേരളീയ സമൂഹത്തെ ജീർണതകളിൽ നിന്നും മോചിപ്പിക്കുന്നതിനു ഒരു സമൂഹമെന്ന നിലയിൽ ഒന്നായി നിർത്തുന്നതിനും ആചാര്യന്റെ കൃതികൾക്ക് കഴിഞ്ഞു. ആദ്ധ്യാത്മരാമായണം, ശ്രീ മഹാഭാരതം, ചിന്താരത്നം, ഹരിനാമകീർത്തനം എന്നിവയാണ് പ്രധാന കൃതികൾ



ആൽബിന തോമസ്

## മതം, മനുഷ്യൻ



മതം,
സമൂഹത്തിൽ അലറിവിളിക്കുന്ന യുദ്ധകാരി

മനുഷ്യനെ പലതായി വേർതിരിച്ചിരുന്നു നാം നമ്മെ

തിരിച്ചറിയാൻ കഴിയാതെ പോയിട്ടുന്നു

ഹിന്ദുവായ് ക്രിസ്ത്യനായി മുസൽമാനായി മണ്ണിൽ

പലതായി നമ്മൾ ജീവിച്ചിട്ടുമ്പോൾ

ദൈവങ്ങൾ പോലും അറയ്ക്കുന്നരീതിയിൽ

ഇന്നുനാം നമ്മെ മാറ്റിയിരിക്കുന്നു.

മനുഷ്യനും ദൈവവും തമ്മിലെ ബന്ധനം

മതങ്ങൾ തൻ യുദ്ധത്തിൽ തകർന്നുവീണിട്ടുമ്പോൾ

അറിയുന്നില്ല നമ്മൾ നാം പോകും വഴികളിൽ

ഭക്തിയുടെ വിത്ത് പോലും മുളക്കുന്നില്ലെന്ന്

മനുഷ്യ ബന്ധത്തെക്കാൾ മനുഷ്യൻ വിലകൽപ്പിക്കുന്നു

മതങ്ങൾ തൻ കറുത്ത ബന്ധനങ്ങളെ

കൊല്ലും കൊലയും ഇന്ന് മണ്ണിൽ അരങ്ങേറുമ്പോൾ

നോക്കിനിൽക്കുവാൻ മാത്രമേ ദൈവത്തിനും സാധിപ്പൂ

നേരിലൂടെ വന്ന് നേർവഴിയെന്തെന്ന്

മറന്നു പോകുന്നു മനുഷ്യജന്മം

എന്നാൽ മനുഷ്യൻ ഓർക്കുന്നില്ല

ഒരേ സൂര്യനും, ഒരേ വായുവും, ഒരേ മണ്ണുമാണ്

ഏതു ജന്മത്തിനും എന്ന്...

ഒടുവിൽ ഒരു പിടി ചാരംമാവുമ്പോൾ


മണ്ണിൻ അടിയിലാകുമ്പോൾ

ഓർക്കുക മനുഷ്യാ,

ജാതിയോ മതമോ അല്ല പ്രധാനം

മനുഷ്യബന്ധങ്ങളാണ്, നന്മകളാണ്

- *എയ്ഞ്ചലീന ബിജു*




Anantha.P.R.
IX.C

# കലകൾ സംസാരിക്കുന്നു

സംഗീതത്തിൻ അനുഭവതലം വൈവിധ്യങ്ങളോടുകൂടിയതാണ്.   സംഗീതത്തിന്റെ രസകരമായ വശങ്ങൾ വലിയ അനുഭൂതി തലവും മാനസിക വിമലിനീകരണവും സൃഷ്ടിക്കാറുണ്ട്.




പ്രശസ്തമായ ' മോണാലിസ' യുടെ മുഖഭാവം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സന്തോഷത്തോടെ നോക്കുമ്പോൾ ഒരു ചെറുപുഞ്ചിരി വിടരാൻ പോകുന്നതായി തോന്നാം. ചിത്രത്തിൽ അൽപ വിവാദം ആണെന്ന് തോന്നും. നാം ഒരു പെൺകുട്ടിയോട് പുഞ്ചിരിക്കുമ്പോൾ അവൾ തിരിച്ച മധുരമായിപുഞ്ചിരിക്കുന്നത് പോലെ , നാം ദുഃഖത്തിൽ ആണെങ്കിൽ അവൾ നമ്മുടെ ദുഃഖത്തിൽ സഹാനുഭൂതിയോടെ പങ്കുകൊള്ളുന്നത് പോലെ ......  നിരീക്ഷിച്ചാൽ ഗൗരവവും കോപവും ഒക്കെ മോണാലിസക്കും ചേർന്ന് ദിവസമാണെന്ന് തോന്നും.  കേവലമൊരു

ഭാവങ്ങൾ ആണെന്നും തോന്നാം. കേവലം ഒരു ചിത്രത്തിന് ഒരു അസ്തിത്വം നൽകപ്പെടുന്നതാണ് ഇവിടെ. സംഗീതം നമ്മുടെ മനസ്സിനെ വിമലീകരിക്കുന്നതു പോലെ ഒരു ചിത്രം അത്ഭുതകരമായ ഒരു ഭാഷയിലൂടെ നമ്മോട് സംസാരിക്കുന്നു

കലാസൃഷ്ടികളിൽ അല്ലാതെ തന്നെ നിർവചിക്കപ്പെട്ട ഒരു ഭാഷയിൽ, നമ്മോട് സംസാരിക്കുന്നുണ്ട്. ഒരുപക്ഷേ പ്രപഞ്ചത്തിന്റെ ഭാഷയിലൂടെ സൃഷ്ടാവ് നൽകുന്ന അർത്ഥതലങ്ങൾക്കപ്പുറം സ്വന്തം അസ്തിത്വത്തെ കുറിച്ച്, അഭിപ്രായങ്ങളെക്കുറിച്ച് അവർ നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നു.

-ദിയ





# എ.പി.ജെ

## ചില വസ്തുതകൾ

* ഇന്ത്യയെ സ്വപ്നം കാണാൻ പഠിപ്പിച്ച മഹാൻ


* ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൽ കലാം. ഇദ്ദേഹം 1931 ൽ രാമേശ്വരത്ത് ജനിച്ചു. പൂർണ്ണമായ പേര് അബുൽ ഫക്കീർ ജൈനലാബ്ദ അബ്ദുൽ കലാം.

" മിസൈൽ മാൻ ഓഫ് ഇന്ത്യ" ഇന്ത്യൻ മിസൈൽ പദ്ധതികളുടെ പിതാവ്" എന്നിങ്ങനെ അറിയപ്പെട്ടു.

* 1998 ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണം ആയ ഓപ്പറേഷൻ ശക്തിക്ക് നേതൃത്വം നൽകിയ വ്യക്തി. 1997 ൽ ഭാരതരത്നം നേടി. പിന്നീട് 1994 ൽ ആര്യഭട്ട പുരസ്കാരവും ലഭിച്ചു. ഇന്ത്യയുടെ പരിസ്ഥിതി അംബാസഡർ. ബ്രിട്ടനിലെ ചാൾസ് 2 രാജാവ് ആദരിച്ച ഏക ഭാരതീയ ശാസ്ത്രജ്ഞൻ. ഹൂവർ പുരസ്കാരം നേടിയ ആദ്യ ഏഷ്യക്കാരൻ. ഏറ്റവും കൂടുതൽ ഓണറ്റി ഡോക്ടറേറ്റ് കൾ ലഭിച്ച ഇന്ത്യൻ പ്രസിഡൻറ്. അബ്ദുൽ കലാമിന്റെ ആത്മകഥയാണ് വിങ്സ് ഓഫ് ഫയർ എന്നത്.

റോസ്ന ടി റോയ്

## എഴുത്തച്ഛന്റെ മൊഴിമുത്തുകൾ



⋆" ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സുമോർക്ക നീ

വഹ്നി സന്തപ്തലോഹസ്ഥാംബു ബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

⋆" നിത്യവും ചെയ്യുന്ന കർമ്മഫല ഗുണം

കർത്താവൊഴിഞ്ഞു മറ്റന്യർ ഭുജിക്കുമോ"

⋆" താൻ താൻ നിരന്തരം ചെയ്യു കർമ്മങ്ങൾ

താൻ താനനുഭവിച്ചീടുകെന്നേ വരൂ."

⋆" പ്രത്യുപകാരം മറക്കുന്ന പുരുഷൻ

ചത്തതിനൊ നൊക്കുമേജീവിച്ചിരിക്കിലും. "

⋆" ആപത്തു വന്നടുത്തീടുന്ന കാലത്തു

ശോഭിക്കയില്ലെടോ സജ്ജനഭാഷിതം"

⋆" കജ്ജളം പറ്റിയാൽ സ്വർണ്ണവും നിഷ്പ്രഭം"

റിയ ജെയിംസ്

# ഐ. ടി ക്വിസ്



- കമ്പ്യൂട്ടറിന്റെ പിതാവ്

⋆ ചാൾസ് ബാബേജ്

- സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ്

⋆ സെമർ ക്രെ

- കമ്പ്യൂട്ടറിന്റെ തലച്ചോറ്

⋆ സി പി യു

- കമ്പ്യൂട്ടറിൻറെ രണ്ടാമത്തെ പ്രധാന ഭാഗങ്ങൾ

⋆ഹാർഡ് വെയർ ,സോഫ്റ്റ്‌വെയർ

- കമ്പ്യൂട്ടറിലെ ഇലക്ട്രോണിക് ഘടകങ്ങൾ

⋆ ഹാക്കഡ് വെയർ

- കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന പ്രോഗ്രാം

⋆ സോഫ്റ്റ്‌വെയർ

-ഇ-മെയിലിന്റെ പിതാവ്

⋆ റേ ടോമിക്ക് സൺ

- ഏറ്റവും കൂടുതൽ കമ്പ്യൂട്ടർ ചിപ്പ് നിർമ്മിക്കുന്ന കമ്പനി

⋆ ഇന്റൽ

ദേവനന്ദ




* എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം

* എടുത്തിട്ടലും പൂച്ച നാലുകാലിൽ

* ഒത്തുപിടിച്ചാൽ മലയും പോരും

* കാക്ക കുളിച്ചാൽ കൊക്കാകുമോ

* ഉപ്പ് തിന്നവർ വെള്ളം കുടിക്കും

* ആവശ്യം സൃഷ്ടിയുടെ മാതാവ്

* ഇക്കരെ നിന്നാൽ അക്കരപ്പച്ച

* ഇല്ലം മുടക്കി ചാത്തം ഊട്ടരുത്


* ഉള്ളിലുള്ളത് കണ്ണിൽ അറിയാം

* വിതച്ചതേ കൊയ്യൂ



ശ്രേയ

# ചോരാത്ത കീശ



ഹൈസ്കൂളിൽ നിന്നും പുറത്തിറങ്ങി അധികംവൈകാതെ ജോണിന് ഒരു ജോലി കിട്ടി .ഒരു കടയിൽ അടിച്ചുവാരി വൃത്തിയാക്കുന്ന പണിയായിരുന്നു അത്. ശമ്പളം ആഴ്ചയിൽ മൂന്ന് ഡോളർ. മൂന്നുകൊല്ലം അവിടെ ജോലി ചെയ്തു. ശമ്പളത്തിൽ നിന്നു മിച്ചം പിടിച്ച് പണംകൊണ്ട് ചെറിയൊരു കച്ചവടം തുടങ്ങി.

ജോൺ ഡി. റോക്ക്ഫെല്ലർ*( 1839-1937 )* എന്ന ലോകത്തിലെ ആദ്യത്തെ കോടീശ്വരൻ യാത്രതുടങ്ങിയത് അങ്ങനെയായിരുന്നു. ജോൺ ആദ്യം ജോലിചെയ്ത കടയിൽ മാനേജർ അടക്കം കൂടുതൽ ശമ്പളം വാങ്ങിയ എത്രയോ പേരുണ്ടായിരുന്നു. അവരൊന്നും വലിയ പണക്കാരായി.ല്ല. പക്ഷേ തുച്ഛവരുമാനകാരൻ കോടീശ്വരനായി. *11, 40, 000* കോടി ഡോളറായിരുന്നു ജോൺ റോക്ക് ഫെല്ലർറിന്റെ സ്വത്ത് . തന്റെ സ്വത്തിന്റെ സിംഹ ഭാഗവും പാവങ്ങളെ സഹായിക്കാനാണ് അദ്ദേഹം വിനിയോഗിച്ചത്. പണം കയ്യിൽ വന്നാൽ ചിലവിനെ പറ്റിയാണ് പലരും ആദ്യം ചിന്തിക്കുക. ചിലരാകട്ടെ സമ്പാദ്യത്തെപറ്റി ചിന്തിക്കുന്നവർ ധനികരായി മാറുന്നു. ധൂർത്തടിച്ച് കഴിയുന്നവർ പ്രമേഹരോഗികളും.
കുട്ടിക്കാലം മുതലേ സമ്പാദ്യത്തെ പറ്റി അൽപ്പം ചിന്തിക്കുക. എങ്കിൽ ഭാവിയിൽ നമുക്കും റോക്ക് ഫെല്ലർ ആകാം. സ്കൂളുകളിൽ ഉള്ള സമ്പാദ്യ പദ്ധതിയിൽ നമുക്കും ഒരു ഒപ്പിടാം. ഇങ്ങനെ കൂട്ടി വയ്ക്കുന്ന ഓരോ ചില്ലിക്കാശും നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുമ്പോ നാം നാടിന്റെ സ്വത്തായി മാറും

**ശിഖ**

# ലില്ലി പൂവിനോട്



ഇരുളിൽ

ഒരു താരകയെപ്പോലെ

സ്വപ്നത്തിലെ

മാലാഖയെപ്പോലെ

മുറ്റത്ത് ചിരിച്ച്

മഞ്ഞിന്റെ മുത്തമണിഞ്ഞ്

കുളിരേകുന്ന സുഗന്ധവുമായി

ചില രാത്രികളിൽ നീ വിരിഞ്ഞിരുന്നു

നിന്റെ സുഗന്ധത്തിൽ

കവിത നിറഞ്ഞിരുന്നു



ഞാനെല്ലാം മറന്നിരുന്നു

നീ വാടി വീഴുമ്പോൾ

എന്റെ ഹൃദയം നൊന്തിരുന്നു

നീ മണ്ണിലലിയുമ്പോൾ

ഇനിയും തിരിച്ചു വരണേ

എന്ന പ്രാർത്ഥനയായിരുന്നു

**അശ്വതി പി. എൻ**

# കുസൃതിക്കളം

* കാൽചെവിയിൽ വച്ചിരിക്കുന്നവർ

കണ്ണട



* കുതിച്ചു പായാത്ത മാൻ?

പോസ്റ്റുമാൻ

* കയ്യില്ല കാലില്ല നീന്തുന്നുണ്ട് കൊമ്പുണ്ട് കരയുന്നില്ല

തോണി

* വിദേശികൾക്ക് ഇഷ്ടപ്പെട്ട ഇസം

ടൂറിസം

* ജീവൻ നൽകുന്ന പാത്രം

കഥാപാത്രം

* ഏറ്റവും കൂടുതൽ വെള്ളം കുടിച്ചു മരിക്കുന്നതാര്

തീ

* അളക്കാൻ ഉപയോഗിക്കാത്ത നാഴി

ഇടനാഴി

* മടി ആണെങ്കിലും ചിരിപ്പിക്കുന്നതെന്ത്

കോമഡി

ജോസഫ് പോൾ


# പിരിച്ചെഴുതുക




| | |
|---|---|
| * അച്ഛൻ | അമ്മ |
| * അധ്യാപകൻ | അധ്യാപിക |
| * കവി | കവിയിത്രി |
| * ഏകാകി | ഏകാകിനി |
| *ഘാതകൻ | ഘാതകി |
| * ചക്രവർത്തി | ചക്രവർത്തിനി |
| * ചാക്യാർ | ഇല്ലടമ്മ |
| * ജനകൻ | ജനനി |
| * തോഴൻ | തോഴി |
| * പൗരൻ | പൗര |
| * നമ്പൂതിരി | അന്തർജനം |
| * പതി | പത്നി |
| * പുത്രൻ | പുത്രി |
| * ഭഗവാൻ | ഭഗവതി |
| * മഹാൻ | മഹതി |

അനോൾഡ

# കൊതുകിന്റെ പാട്ട്



ഉരുണ്ട തിണ്ണയിൽ പരന്ന പായിട്ട്

ഞാൻ കിടന്നുറങ്ങുമ്പോൾ

അലക്കുതെങ്കിലും പൊടുപ്പും വെച്ചൊരു

കൊതുവല്ലേ കടിച്ചത്.

കടിക്കല്ലേ കൊതു, ഉണർത്തല്ലേ കൊതു

ഞാൻ കിടന്നുറങ്ങുമ്പോൾ

എന്നെ ഉണർത്തിയ പുന്നാര കൊതുകിനെ

ചെകിടത്തു രണ്ടടിയടിച്ചു.

ചെകിടത്തു രണ്ടടിയടിച്ചപ്പോൾ

നടുമുറ്റത്ത് അല്ലേ വീണത്.

നടുമുറ്റത്ത് വീണ കൊതു

നാണം കെട്ടുപോയി.

നാണം കെട്ടുപോയ കൊതു

കൂട്ടരെ വിളിക്കുന്നു.

കൂട്ടരെ വിളിച്ചു കൊതു

കും കും മൂളുന്ന



**അഞ്ജു മോൾ**




## എന്റെ കുട്ടിക്കാലം

ലണ്ടനിലെ ചേരികളിൽ നിന്ന് കലയുടേയും മാനവികതയുടെയും അനന്ത വിസ്തൃതികളിലേക്ക് ഉയർന്ന മഹാനടൻ ചാർലി ചാപ്ലിന്റെ ഹൃദയ ഹാരിയായ ബാല്യകാല സ്മരണകളാണ് എൻറെ കുട്ടിക്കാലം. ദാരിദ്ര്യം ചാർലി ചാപ്ലിന്റെ മനസ്സിനെവരെ തളർത്തിയിരുന്നു.തന്റെ അമ്മയെ ചാപ്ലിൻ

ജീവനുതുല്യം സ്നേഹിച്ചിരുന്നു. അമ്മയുടെ കഷ്ടപ്പാട് അവൻ എന്നും മനസ്സിലാക്കിയിരുന്നു. ചാപ്ലിന്റെ അമ്മ ഒരു നാടക നടിയായിരുന്നു. പക്ഷേ, അവരുടെ ശബ്ദം നഷ്ടപ്പെടുകയും അവർ നാടകം ഉപേക്ഷിക്കപ്പെടുകയും ചെയ്യുതു. ചാപ്ലിന്റെ അമ്മയും അച്ഛനും ഒരുമിച്ചല്ലായിരുന്നു കഴിഞ്ഞിരുന്നത്. ചാപ്ലിന്റെ അമ്മ ചാപ്ലിൻ, അച്ഛൻ ചാൾസ് സെപൻസ് ചാപ്ലിൻ, സഹോദരൻ ഡിസ്നി ചാപ്ലിൻ എന്നതായിരുന്നു ചാപ്ലിന്റെ കുടുംബം. ഏറ്റവും താഴ്ന്ന ചുറ്റുപാടുകളിൽ നിന്നുപോലും ഒരാൾക്ക് സ്വന്തം പ്രയത്നത്താൽ ലോകത്തിന്റെ അതിരുകൾക്ക്അപ്പുറത്തേക്ക് വളരാൻ കഴിയുമെന്നാണ് ആ അതുല്യപ്രതിഭ സ്വയം ജീവിതത്തിലൂടെ തെളിയിക്കുന്നത്

**ആരതി കൃഷ്ണ**

# കടംകഥകൾ



* വെളുത്ത റോഡിലൂടെ കറുത്ത കാറോടുന്നു

– കണ്ണ്

* വെള്ളത്തിലിട്ടാൽ നനയില്ല വെയിലത്തിട്ടാൽ വാടും

– ചേമ്പില

* ആയിരം തത്തയ്ക്ക് ഒറ്റകൊക്ക്

– വാഴക്കുല

* ഇല്ലി മേലായിരം പല്ലിമുട്ട

– നെല്ലിക്ക

* എങ്ങും തിങ്ങി നടക്കും ആർക്കും പിടി കൊടുക്കില്ല

– കാറ്റ്

* ഒരാൾക്ക് തലയിലും കാലിലും തൊപ്പി

– ഉലക്ക

* അടി പാറ നടുവടി മീതെ കട

– ചേന

* ഒരമ്മ എന്നും വെന്തു മരിക്കും

– അടുപ്പ്

* അകമിൽ പുറം ഇല്ല ഞെട്ടില്ലാ വട്ടയില

– പപ്പടം

എയ്ഞ്ചൽ




# കലാകാരന്മാരും കലകളും

ശ്യാമശാസ്ത്രി = കർണാടക സംഗീതം

കോട്ടയത്തുതമ്പുരാൻ = ആട്ടക്കഥ

കൊട്ടാരക്കരതമ്പുരാൻ = രാമനാട്ടം

ശോഭനായിഡു = കുച്ചിപ്പുടി



മൃണാളിനി സാരാഭായ് = ഭരതനാട്യം

രാജാരവിവർമ്മ = ചിത്രകല

ശങ്കർ = കാർട്ടൂൺ

യേശുദാസ് = ചലച്ചിത്ര പിന്നണി ഗായകൻ

അമീർകുസ്രു = ഹിന്ദുസ്ഥാനി സംഗീതം

അല്ലാരാഖ = തബല



അഭിഷേക് മാത്യു

# പൂത്തുലഞ്ഞ വിദ്യാലയം



പുത്തനുടുപ്പിട്ട് പുള്ളിക്കുടയുമായ്
കൂട്ടുകാരെക്കെയും കൂടെയുണ്ട്
ചുറ്റും ബലൂണുകൾ വർണ്ണക്കടലാസ്
വിദ്യാലയമാകെ പൂത്തുലഞ്ഞു
ഏറെനാൾ കാണാതിരുന്നൊരെന്റെ
കൂട്ടരുമധ്യാപകരുമുണ്ട്
അക്ഷരപ്പൂക്കൾ വിരിഞ്ഞു ചുറ്റും
വിദ്യതൻ ദീപം തെളിഞ്ഞുനിന്നു
പാട്ടും കഥയും നിറഞ്ഞുനിന്നു
കുഞ്ഞു മനസ്സിൽ വെളിച്ചമെത്തി
അറിവിന്റെ ലോകത്തേക്കു ഞങ്ങൾ
ചിറകുവിടർത്തിപ്പറന്നുയർന്നു



സ്നേഹ മോഹനൻ




1. "നൈനിറ്റാൾ" എന്ന ടൂറിസ്റ്റ് കേന്ദ്രം ഏത് സംസ്ഥാനത്തിലാണ് സ്ഥിതിചെയ്യുന്നത്?

ans. ഉത്തരാഖണ്ഡ്

2. കേരള ഗാന്ധി എന്ന് അറിയപ്പെടുന്നതാര്?

ans. കെ.കേളപ്പൻ

3. കേരള കലാമണ്ഡലം സ്ഥാപിച്ചതാര്?

ans. വള്ളത്തോൾ നാരായണമേനോൻ

4. ഇംഗ്ലീഷിൽ ഗാന്ധിജി ആരംഭിച്ച വാരികയുടെ പേര് എന്ത്?

ans. യങ്  ഇന്ത്യ

5. ഇന്റർനെറ്റിന്റെ പിതാവാര്?

ans. വിൻസൺ സെർഫ്

6. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ?

ans. ഇന്ദുലേഖ

7. ഇന്ത്യയിലെ ആദ്യത്തെ അണു വൈദ്യുതി നിലയം ഏത്?

ans. താരാപൂർ

8. ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹം?


ans. വ്യാഴം

9. കുറിച്യർ കലാപത്തിന്റെ നേതാവ് ആര്?

ans. രാമൻ തമ്പി

10. വിമാനത്തിൽ ഉപയോഗിക്കുന്ന ബ്ലാക്ക് ബോക്സിന്റെ നിറമേത്?

ans. ഓറഞ്ച്




വൈഗ ലക്ഷ്മി

# പ്രകൃതി മനുഷ്യരുടെ  ഭീഷണിയിൽ



പ്രകൃതി ദൈവത്തിൻറെ വരദാനമാണ് അവ സുന്ദരവും മനോഹാരിത തുളുമ്പുന്ന ഭയമാണ് പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും എത്ര സുന്ദരങ്ങളാണ് .അവയുടെ സ്വഭാവ സവിശേഷതയും പെരുമാറ്റരീതിയും പ്രകൃതിക്കിണങ്ങിയവ തന്നെ.

എങ്കിലും ഈ സുന്ദരമായ പ്രകൃതിയെ നാമോരോരുത്തരും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്  ജീവജാലങ്ങളെയൊക്കെ നശിപ്പിക്കുക എന്നതിലൂടെ വലിയ തെറ്റാണ് നാം ചെയ്യുന്നത്. ഓരോ മരം വെട്ടുമ്പോഴും ആയിരക്കണക്കിന് ജീവജാലങ്ങളെ ആണ് നാം കൊന്നൊടുക്കുന്നത്.കുന്നിടിക്കലായും ചതുപ്പുകൾ  നികത്തലായും  എത്ര ജീവികളുടെ ആവാസവ്യവസ്ഥയാണ് നശിച്ചുകൊണ്ടിരിക്കുന്നത്

നമ്മുടെയൊക്കെ ആർത്തിയുടെയും ആത്യാഗ്രഹത്തിന്റെയും  ദൂഷ്യഫലങ്ങൾ  മനുഷ്യർ അനുഭവിക്കുന്നു അതിന് ഉത്തമ ഉദാഹരണമാണ് കേരളത്തിലുണ്ടായ മഹാപ്രളയം. അത് നമ്മെ ഒന്നടക്കം കാർന്നു തിന്നു എങ്കിലും മനുഷ്യൻ നേരായ മാർഗ്ഗം പഠിക്കുന്നില്ല.  പ്രകൃതി ദൈവത്തിൻറെ അതിമഹത്തായ ഒരു സമ്മാനമാണ്. അതിന് നാം വിശുദ്ധമായി കാത്തു പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ മനുഷ്യർ ഇത് തിരിച്ചറിയുന്നില്ല നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാൻ നാം ഇനിയും താമസിച്ചു കൂടാ. അതിനായി   നാം ഹിംസ  വെടിഞ്ഞ് അഹിംസയുടെ മാർഗേ ചരിക്കണം

**അഖില**

# അയൽപക്കത്തെ ഒരിലച്ചോറ്



മരുമക്കത്തായ തറവാട്ടിലെ ഒരമ്മാവൻ മരിക്കാൻ പോകുമ്പോൾ മരുമകനെ വിളിച്ചുപറഞ്ഞു." നീയായിട്ട് അയൽപക്കത്തെ ഒരിലച്ചോറ് കളഞ്ഞു കുളിക്കരുത്". അമ്മാവൻ മരിച്ചു കഴിഞ്ഞപ്പോൾ ഒരു ദിവസം ഉച്ചയ്ക്ക് ഉണ്ണാറായ സമയത്ത് മരുമകൻ അയൽപക്കത്തേക്ക് കയറിച്ചെന്നു. അയൽവീട്ടിലെ പുതിയ കാരണവരെ കണ്ട് വീട്ടുകാർ ആദരവോടെ സൽക്കരിച്ചു." ഊണുകഴിഞ്ഞ് പോയാൽ മതി"- അവർ ക്ഷണിച്ചു.


അമ്മാവന്റെ വാക്ക് ഓർത്ത് മരുമകൻ ഉടൻ സമ്മതിച്ചു. വീട്ടുകാർ പപ്പടം കാച്ചി. തൽക്കാലം കിട്ടാവുന്ന വിഭവങ്ങളൊക്കെ ഏർപ്പാട് ചെയ്തു. മരുമകൻ സുഖമായി ഊണുകഴിച്ചു വീട്ടിലേക്ക് മടങ്ങി. അടുത്ത ദിവസം അതേസമയത്ത് അയാൾ അയൽപക്കത്തെത്തി. വീട്ടുകാർ അയാളെ കണ്ട് അമ്പരന്നു. എന്നാലും അവർ സൽക്കാരം കുറച്ചില്ല. മൂന്നാം ദിവസവും അതേസമയത്ത് അയൽപക്കത്തേക്ക് ചെന്നു .വീട്ടുകാർ കാര്യമായി സൽക്കരിക്കാൻ ഒന്നും


നിന്നില്ല. ഉണ്ണാൻ ക്ഷണിച്ചതും ഇല്ല. എന്നാലും അയാൾ ഉണ്ണാനിരുന്നു. വീട്ടുകാർ വലിയ ആദരവെന്നും കൂടാതെ വിളമ്പിക്കൊടുത്തു. നാലാം ദിവസം അയാൾ കൃത്യസമയത്ത് അയൽപക്കത്ത് ഹാജരായി. വീട്ടുകാരുടെ മുഖം കറുത്തു . അവർ വാതിലടച്ച് ഉണ്ണാൻ ഇരുന്നു. വാതിൽ തള്ളിത്തുറന്ന് അകത്തുകടന്ന അയാളെ രൂക്ഷമായി നോക്കി. പിച്ച കൊടുക്കും പോലെ ചോറുവിളമ്പി കൊടുത്തു.

അഞ്ചാം ദിവസം അയൽപക്കത്ത് കയറിച്ചെന്ന അയാളോട് അവിടുത്തെ കാരണവർ പറഞ്ഞു." താനിനി ദിവസേന ഇവിടെ വരരുത്" .വീട്ടുകാർ വാതിലടച്ച് തഴുതിയിട്ടു. പുറത്തെ ഇറയത്ത് കുറേനേരം നിന്നശേഷം അയാൾ വീട്ടിലേക്ക് മടങ്ങി. പിന്നീട് ആ വീട്ടുകാർ അയാളെ അവരുടെ വീട്ടിൽ നടക്കുന്ന ഒരു വിശേഷ ത്തിനും ക്ഷണിച്ചില്ല. അങ്ങനെ അയൽപക്കത്ത് ഉണ്ടായിരുന്ന ഒരിലച്ചോറ് അയാൾ കളഞ്ഞു കുളിച്ചു. അയാൽക്കാരുമായി രമ്യതയിൽ കഴിയാമെന്നും അവിടെ വിശേഷങ്ങൾക്ക് ക്ഷണിച്ചാൽ പോയി ആവത് പണിയെടുത്ത് സഹായിക്കണമെന്നും അങ്ങനെ ഏതുകാലത്തും അവിടെ നിന്നൊരു ഇലചോറ് കിട്ടുന്നതു കളയരുതെന്നുമാണ് അമ്മാവൻ ഉപദേശിച്ചത്. മണ്ടനായ മരുമകൻ അതു മനസ്സിലാക്കാതെ പതിവായി ഊണ് കഴിച്ച് അയൽക്കാരുമായുള്ള സ്നേഹബന്ധം കളഞ്ഞു കുളിച്ചു.

**മരിയ തോമസ്**

**അലീന ഡിക്റ്റോ**




Zoom Meeting ID: 495-237-6543 Participant ID: 59
11:47 AM
SJHS CHEMBANODA
KITE KKD
St.Mary's HS Kallanode
GHSS KAYANNA
ubuntu
NOCHAT HSS
KULATHUVAYAL
NADUVANNUR
St Thomas HS Koorachund
Shot on A1 Plus
Gionee Dual Camera

# വീഡിയോ കോൺഫറൻസ്

# വീഡിയോ കോൺഫറൻസിൽ നിന്ന്






**10 -ലെ കേരളപാഠാവലിയിലെ 'ഋതുഭേദം' നാടകരൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിച്ച കലാകാരികൾ**




**10-ലെ 'ഋതുയോഗം'നാടകം ക്ലാസ്സിലവതരിപ്പിച്ച ടീമംഗങ്ങൾ**

# അമ്മമാർക്കുള്ള ഐ.ടി പരിശീലനം





അമ്മമാർക്കുള്ള ഐ.ടി പരിശീലനത്തിൽ നിന്ന്






**വിദ്യാരംഗം അംഗങ്ങൾ കവി ബീരാൻകുട്ടിയോടോപ്പം**

# ഒരു നിമിഷം




മാൽപെ
(ഉഡുപ്പി)കടപ്പുറത്തിലെഒരുസായാഹ്നം

സജി തോമസ്

# നന്ദി



## 'സ്പന്ദന'ത്തിന് മിടിപ്പുകളായിരുന്നവർക്ക്...

**ചീഫ് എഡിറ്റർ.**